LIBRARY ARCHIVES Kerala Legislative Assembly

വൈക്കം മണ്ഡലത്തിലെ കെ.എസ്.ഇ.ബി.-യുടെ മഴക്കാലത്തിനുമുമ്പുള്ള അറ്റകുറ്റപ്പണികൾ

43 (7879) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ മഴക്കാലത്തിന് മുമ്പുള്ള കെ.എസ്.ഇ.ബി.-യുടെ ട്രിമ്മിംഗ്സ് നീക്കുന്ന ജോലികൾ പൂർത്തിയായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) പൂർത്തിയാക്കാത്ത സെക്ഷനുകളുണ്ടെങ്കിൽ അവ ഏതൊക്കെയെന്നും ഇനിയും ജോലികൾ തുടങ്ങാത്ത സെക്ഷനുകളുണ്ടെങ്കിൽ അവ ഏതെല്ലാമെന്നും കാരണമെന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) 11 കെ.വി. ലൈനുകളുടെ ട്രിമ്മിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. എൽ.റ്റി. ലൈനുകളുടെ ട്രിമ്മിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി ചില സെക്ഷൻ ഓഫീസുകളുടെ പരിധിയിൽ പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

(ബി) വൈക്കം, തലയാഴം, ചെമ്പ്, തലയോലപറമ്പ് എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളിലാണ് എൽ.റ്റി. ലൈനുകളുടെ ട്രിമ്മിംഗ് നീക്കം ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്നത്. ഏപ്രിൽ, മേയ് മാസങ്ങളിലെ വേനൽമഴയും അതിനെത്തുടർന്നുണ്ടായ നാശനഷ്ടങ്ങളും കാരണമാണ് പ്രസ്തുത പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കുവാൻ സാധിക്കാത്തത്. പ്രസ്തുത പ്രവൃത്തികൾ തുടങ്ങാത്ത ഇലക്ട്രിക്കൽ സെക്ഷനുകൾ ഇല്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ നടപടി

44 (7880) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ പണി എപ്പോൾ പൂർത്തിയാക്കാനാകും ; പുത്തൂർ-മൈലാട്ടി 220 കെ.വി. ലൈനിന്റെ പണി എപ്പോൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ;

(സി) മൈലാട്ടിയിലെ 220 കെ.വി. സബ്സ്റ്റേഷന്റെ ശേഷി ഉയർത്താൻ വൈദ്യുതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; മൈലാട്ടിയിൽ ലഭ്യമായ സ്ഥലത്തു തന്നെ 400 കെ.വി. സബ്സ്റ്റേഷൻ പ്രവർത്തനവും അനുബന്ധ ലൈനായ ഉഡുപ്പി-മൈലാട്ടി 400 കെ.വി. ലൈനും തുടങ്ങിയാൽ ഒരുപരിധിവരെ കാസർഗോഡിന്റെ വൈദ്യുതി പ്രതിസന്ധി മറികടക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മറ്റു ജില്ലകളിൽ ഉള്ളതുപോലെ ട്രാൻസ്മിഷൻ സർക്കിൾ കാസർഗോഡ് ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ട്രാൻസ്മിഷൻ സർക്കിൾ കാസർഗോഡ് ജില്ലയിലും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

(i) 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷനിലെ നിലവിലുള്ള രണ്ട് 10 MVA ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയ 20 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. ഇതിൽ ഒരു 10 MVA ട്രാൻസ്ഫോർമർ മാറ്റി ഒരു 20 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു

(ii) 33 കെ.വി. ബേളൂർ സബ് സ്റ്റേഷനിലെ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(iii) മൈലാട്ടി മുതൽ തവിടുഗൊളി വരെയുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തിക്ക് ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വിദ്യാനഗർ മുതൽ കുബന്നൂർ വരെയുള്ള 110 കെ.വി. ലൈൻ ഇരട്ടിപ്പിക്കുന്ന പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

(iv) 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(v) 33 കെ.വി. കാസർഗോഡ് ടൗൺ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം മുനിസിപ്പാലിറ്റിയിൽനിന്നും ഏറ്റെടുത്തുകഴിഞ്ഞു.

(vi) മലയോര മേഖലയിലുള്ള രാജപുരത്ത് ഒരു 33 കെ.വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡിന്റെ പരിഗണനയിലുണ്ട്.

(vii) 110 കെ.വി. സബ്സ്റ്റേഷൻ കാഞ്ഞങ്ങാട്ടിൽ നിലവിലുള്ള രണ്ട് 10 MVA ട്രാൻസ്ഫോർമറുകൾ മാറ്റി രണ്ട് പുതിയ 12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് സബ് സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി പരിഗണനയിലുണ്ട്.

(viii) അണ്ടർഗ്രൗണ്ട് കേബിളുകൾ കമ്മീഷൻ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുക.

(ix) നിലമ്പാടി പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) പവർ ഗ്രിഡ് കോർപ്പറേഷനാണ് മൈസൂർ-അരീക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാണം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത്. ഇതിന്റെ നിർമ്മാണ പ്രവൃത്തി ജനുവരി 2015-ഓടുകൂടി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടെ മുപ്പത്തി അഞ്ചാം സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ ഉഡുപ്പി-കാസർഗോഡ്-കോഴിക്കോട് 400 കെ.വി. ലൈൻ നിർമ്മാ ണത്തിന് അംഗീകാരം നൽകിയതിനാലും കെ.പി.റ്റി.സി.എൽ. 220 കെ.വി. മൈലാട്ടി-പുത്തൂർ ലൈൻ നിർമ്മാണം സാങ്കേതികമായി പ്രയോജനകരമല്ല എന്ന് അറിയിച്ചതിനാലും മൈലാട്ടി-പുത്തൂർ ലൈനിന്റെ പ്രൊപ്പോസൽ സതേൺ റീജിയണൽ പവർ കമ്മിറ്റി (SRPC) ഉപേക്ഷിച്ചിട്ടുണ്ട്. ഉഡുപ്പി-കാസർഗോഡ്-കോഴിക്കോട് 400 കെ.വി. ലൈനിന്റെ നിർമ്മാ ണത്തോടനുബന്ധിച്ച് മൈലാട്ടിയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലൈൻ നിർമ്മാണം പൂർത്തിയാ കുമ്പോൾ ഉത്തര കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കഴിയും.

(ഡി) നിലവിൽ കണ്ണൂർ ജില്ലയും കാസർഗോഡ് ജില്ലയും വേണ്ടി കണ്ണൂരിൽ ഒരു ട്രാൻസ്മിഷൻ സർക്കിളാണുള്ളത്. കാസർഗോഡ് ജില്ലയിലെ നിലവിലുള്ള ട്രാൻസ്മിഷൻ ശൃംഖല കണക്കിലെടുത്ത് അവിടെ ഒരു ട്രാൻസ്മിഷൻ സർക്കിൾ ഓഫീസിന്റെ ആവശ്യകത ഇപ്പോൾ ഇല്ല.

കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾ

45 (7881) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വൈദ്യുതി മേഖലയിലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി വകുപ്പുമന്ത്രി ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുചേർത്തിരുന്നുവോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത യോഗതീരുമാനങ്ങൾ എന്തൊക്കെയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു:

LIBRARY ARCHIVES Kerala Legislative Assembly